# SREE KADAMPUZHA BHAGAVATHI DEVASWOM

(UNDER MALABAR DEVASWOM BOARD)

Kadampuzha - 676 553, Malappuram Dist., Kerala

**Ph: 0494 2615790, 2618000**

www.kadampuzhadevaswom.com kadampuzhatemple@gmail.com


എ3 – 951/24 Date: 16.04.2025

## ക്വട്ടേഷൻ പരസ്യം

ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വത്തിലെ സിസിടിവി ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വം റോഡ്, പാർക്കിംഗ് ഗ്രൗണ്ട് തുടങ്ങിയ പൊതു സ്ഥലങ്ങളിൽ **16 HD** ക്യാമറകളും **16 Channel NVR** ഉൾപ്പെടെ സി.സി.ടി.വി. സംവിധാനം സജ്ജീകരിക്കുന്നതിന് ഇത്തരം പ്രവൃത്തികൾ ചെയ്ത് പരിചയമുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **6,750/- രൂപ** നിരതദ്രവ്യമായി ദേവസ്വത്തിൽ കെട്ടി വെച്ചതിന്റെ രശീതി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട ക്വട്ടേഷൻ ഫോറം **500/-** രൂപയ്ക്ക് **30.04.2025 ന് 4 മണി** വരെ ദേവസ്വം ഓഫീസിൽ നിന്നും ലഭിയ്ക്കുന്നതും, പൂരിപ്പിച്ച ക്വട്ടേഷൻ ഫോറം **02.05.2025 ന്** രാവിലെ **12 മണി** വരെ സ്വീകരിയ്ക്കുന്നതും അന്നേ ദിവസം **ഉച്ചയ്ക്ക് 2** മണിയ്ക്ക് ക്വട്ടേഷൻ തന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിയ്ക്കുന്നതുമായിരിയ്ക്കും.

ക്വട്ടേഷൻ കൈക്കൊണ്ടവർ **200 രൂപ** മുഖവിലയുള്ള മുദ്രപത്രത്തിൽ ഒരു പ്രാഥമിക കരാർ ഒപ്പു വെയ്ക്കേണ്ടതും പ്രവൃത്തി **30 ദിവസത്തിനുള്ളിൽ** പൂർത്തീകരിച്ച് തരേണ്ടതുമാണ്. ജി.എസ്.ടി. സംബന്ധിച്ചുള്ള കാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ കൈക്കൊള്ളുന്നവരിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നതുമായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ പ്രവൃത്തി സമയത്ത് ദേവസ്വം ഓഫീസിൽ നിന്നും ലഭിയ്ക്കുന്നതാണ്. ക്വട്ടേഷൻ സംബന്ധിച്ചുള്ള എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം അന്തിമമായിരിയ്ക്കും.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്

1. ദേവസ്വം നോട്ടീസ് ബോർഡ്
2. ദേവസ്വം വെബ്സൈറ്റ്
3. വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
4. ഗ്രാമപഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
5. അക്കൗണ്ട് സെക്ഷൻ
6. അധികം